**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ വ്യവസായ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് സൂചികയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നു; ഈ വർഷം എത്രയാണ് സ്ഥാനം; | (എ) | ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് സൂചികയിൽ കഴിഞ്ഞ വർഷങ്ങളിലെ കേരളത്തിന്റെ സ്ഥാനം ചുവടെ ചേർക്കുന്നു.<br><br>**ക്ര. ന.** / **വിലയിരുത്തൽ വർഷം** / **സ്ഥാനം**<br>1 / 2015 / 18<br>2 / 2017 / 21<br>3 / 2019 / 28<br>4 / 2020 / 15<br><br>കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) എല്ലാ സംസ്ഥാനങ്ങളേയും കേന്ദ്രഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിങ്ങിൽ 2019-ലെ ഇരുപത്തിയെട്ടാം സ്ഥാനത്തുനിന്ന് 2020-ൽ പതിനഞ്ചാം സ്ഥാനം കരസ്ഥമാക്കുവാൻ സംസ്ഥാനത്തിന് സാധിച്ചു. ഉപയോക്തൃ അഭിപ്രായ സർവ്വേയെ അടിസ്ഥാനമാക്കി ടോപ്പ് അച്ചീവേഴ്സ്, അച്ചീവേഴ്സ്, ആസ്പയറേഴ്സ്, എമെർജിങ് ബിസിനസ്സ് ഇകോസിസ്റ്റംസ് എന്നിങ്ങനെ നാലായാണ് സൂചികയിൽ സംസ്ഥാനങ്ങളെ തരംതിരിച്ചിട്ടുള്ളത്. അതിൽ ‘ആസ്പയറേഴ്സ്’ വിഭാഗത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ജനസാന്ദ്രതയേറിയ കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ കണ്ടെത്തി, കേരളത്തിന്റെ വ്യവസായ വളർച്ച ഉയർത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | 2019 ൽ നിലവിൽ വന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിൽ, പുതിയതായി ആരംഭിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്തതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം |

സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. മലിനീകരണ തോത് കൂടിയ റെഡ് വിഭാഗത്തെ ഒഴിവാക്കുക വഴി കൂടുതൽ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനു സഹായിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ലക്ഷ്യത്തോടെ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിങ് ഇൻഡസ്ട്രീസ് എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി നൽകി വരുന്നുണ്ട്.

കേരളത്തിലേക്കു നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ഈ സർക്കാർ വന്നതിന് ശേഷം ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ സ്ട്രാറ്റജി രൂപീകരിക്കുകയും, അതിന്റെ ഭാഗമായി കേരളത്തിൽ സാധ്യതയുള്ള 21-ഓളം സെക്ടറുകൾ തിരിച്ചറിഞ്ഞിട്ടുമുണ്ട്.

1. നിർമ്മിത ബുദ്ധി
2. ആയുർവേദം
3. ജൈവ സാങ്കേതിക വിദ്യയും, ജീവ ശാസ്ത്രവും
4. രൂപകൽപ്പന
5. ഇലക്ട്രോണിക് രൂപകൽപ്പനയും, ഉലപാദനവും
6. ഇലക്ട്രിക് വാഹനങ്ങൾ
7. എഞ്ചിനീയറിങ് ഗവേഷണവും, വികസനവും
8. എഡ് ടെക്നോളജി
9. ഗ്രാഫീൻ
10. ഹൈ ടെക് ഫാർമിങ്
11. ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ
12. ചരക്ക് നീക്കം
13. മാരീടൈം ക്ലസ്റ്റർ
14. മെഡിക്കൽ ഉപകരണങ്ങൾ
15. നാനോ ടെക്നോളജി
16. പുനരുപയോഗ ഊർജ്ജം
17. ചില്ലറ വില്പന മേഖല
18. റോബോട്ടിക്സ്
19. ബഹിരാകാശ മേഖല
20. വിനോദ സഞ്ചാരവും, ആതിഥേയത്വവും
21. ത്രീ ഡി പ്രിൻറിംഗ്

ഇവയെല്ലാം കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം

| | | | |
|---|---|---|---|
| | | | കുറഞ്ഞതുമായ വ്യവസായങ്ങൾ ആണ്. ഇവയ്ക്ക് വേണ്ട ആനുകൂല്യങ്ങളും, സഹായങ്ങളും നൽകുന്ന കാര്യങ്ങൾ നടപ്പാക്കി വരികയാണ്.<br><br>കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുള്ള നിക്ഷേപകരുടെ, തുടർ നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ നടത്തുവാനായി അവരുടെ ആവശ്യങ്ങൾ മനസിലാക്കി അവരെ ഹാൻഡ് ഹോൾഡ് ചെയ്തുകൊണ്ട് തുടർ നിക്ഷേപം കേരളത്തിൽ തന്നെ നടത്തുന്നതിനുള്ള നടപടികളും എടുത്തു വരുന്നുണ്ട് |
| (സി) | ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം ഇന്ത്യയിൽ ആദ്യമായി മുന്നോട്ട് വെക്കുമ്പോൾ, ഇത് നടപ്പാക്കുന്നതിനും; ഈ മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ പ്രകൃതിക്കും പ്രകൃതി വിഭവങ്ങൾക്കും കോട്ടം തട്ടാത്തരീതിയിലും സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിച്ച് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെയും കർഷിക ഉല്പ്പന്നങ്ങളുടെയും മനുഷ്യശേഷിയുടേയും മൂല്യ വർദ്ധന വഴി സാമ്പത്തിക പുരോഗതി കൈവരിക്കുകയും സംസ്ഥാനത്ത് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് സർക്കാർ 'ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം' എന്ന നയം കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം നടപ്പിലാക്കുന്നതിന് വേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, എം.ഡി, കെ.എസ്.ഐ.ഡി.സി, ഈ മേഖലയിലെ വിദഗ്ദർ എന്നിവർ അടങ്ങുന്ന ഒരു Expert Committee യെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി, ഇ.എസ്.ജി. ഫ്രെയിം വർക്ക്, ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന ആശയം കേരളത്തിലെ വിവിധ വ്യവസായ മേഖലകളിൽ എങ്ങനെ നടപ്പിലാക്കണമെന്നതിനെപ്പറ്റി വിശകലനം ചെയ്തു റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് വ്യവസായ വാണിജ്യനയത്തിൽ അനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ